# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 893** — **01/03/2017-ൽ മറുപടിയ്ക്ക്.**

### ക്ഷീരകർഷകരുടെ ഉന്നമനത്തിനായി പദ്ധതികൾ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ രാജു എബ്രഹാം<br>ശ്രീ.ഡി.കെ.മുരളി<br>ശ്രീമതി യു.പ്രതിഭ ഹരി<br>ശ്രീ. സി.കെ.ഹരീന്ദ്രൻ | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ഉന്നമനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ; | (എ) | ക്ഷീരോല്പാദനം വർദ്ധിപ്പിക്കുന്നതിനും, സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും, ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡവലപ്പ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള സഹായം, ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം, കറവപ്പശുക്കൾക്ക് വായ്പയെടുത്തതുമായി ബന്ധപ്പെട്ട് കടക്കെണിയിലായ കർഷകരെ സഹായിക്കുന്നതിനുള്ള പദ്ധതി, കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബപെൻഷൻ,അവശതാപെൻഷൻ, ചികിത്സാധനസഹായം,വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകി വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഭാഗമായി കറവപ്പശുക്കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ക്ഷീരവികസന വകുപ്പ് നടപ്പിലാക്കുന്ന മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി , സമഗ്രക്ഷീരവികസന പദ്ധതി എന്നിവയിലൂടെ വാങ്ങുന്ന |

| | | | |
|---|---|---|---|
| | | | കറവപ്പശുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിന് കറവപ്പശുവിന്റെ വിലയുടെ 7 ശതമാനം ഇൻഷ്വറൻസ് പ്രീമിയമായി ഉൾപ്പെടുത്തുകയും ടി തുകയുടെ 33 ശതമാനം സബ്സിഡിയായി നൽകുകയും ചെയ്യുന്നുണ്ട്. |
| (സി) | പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | പദ്ധതിയുടെ ആനുകൂല്യം കൂടുതൽ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. |
| (ഡി) | പദ്ധതിയ്ക്ക് മുന്നോടിയായി രജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ ? | (ഡി) | 2016-17 വർഷത്തെ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതിയിലേയ്ക്കുള്ള രജിസ്ട്രേഷൻ നടപടികൾ 2017 ഏപ്രിൽ 1 മുതൽ ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.